REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യ - US ഇടക്കാല വ്യാപാര കരാറിനെ പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്രമന്ത്രിമാരും സ്വാഗതം ചെയ്തു.**
- **പ്രധാനമന്ത്രി രണ്ട് ദിവസത്തെ മലേഷ്യൻ സന്ദർശനത്തിന് യാത്ര തിരിച്ചു.**
- **കേരളം പലകാര്യങ്ങളിലും രാജ്യത്തിന് മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യത്തെ ആദ്യ ആന്തരിക അവയവമാറ്റ ആശുപത്രിക്ക് കോഴിക്കോട്ട് തറക്കല്ലിട്ടു.**
- **സംസ്ഥാന ഗവൺമെന്റിന്റെ 2024-ലെ കലാപുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.**
- **ICC പുരുഷ ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിൽ നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ, ഇന്ന് അമേരിക്കയെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ത്യ - US ഇടക്കാല വ്യാപാര കരാർ സന്തോഷകരമായ കാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇരു രാജ്യങ്ങൾക്കുമിടയിലെ ശക്തമായ ബന്ധത്തിന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പുലർത്തിയ പ്രതിബദ്ധതയ്ക്ക് നന്ദി പറയുന്നതായും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യ-US പങ്കാളിത്തത്തിൽ വളർച്ച, വിശ്വാസം, ചലനാത്മകത എന്നിവ പ്രതിഫലിപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു

✪✪✪

ഇന്ത്യ-US വ്യാപാര പങ്കാളിത്തം പരസ്പരം പ്രയോജനകരമാകുമെന്ന് വിദേശകാര്യ മന്ത്രി ഡോ. S. ജയ്ശങ്കർ പറഞ്ഞു. ഇന്ത്യൻ കയറ്റുമതിക്കാർക്ക് കൂടുതൽ വിപണി അവസരങ്ങൾ ഉറപ്പാക്കാൻ പങ്കാളിത്തം സഹായിക്കുമെന്ന്

വിദേശകാര്യ മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. 'മെയ്ക്ക് ഇൻ ഇന്ത്യ'യെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന കാഴ്ചപ്പാടുകൾ ഇതിലൂടെ തുറന്നിടുകയാണെന്ന് അദ്ദേഹം വ്യക്തമാക്കി.

✪✪✪

ഇന്ത്യയുടെ സാമ്പത്തികനയത്തിലെ തന്ത്രപരമായ നാഴികക്കല്ലാണ് ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാറെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. കരാർ, കയറ്റുമതി അവസരങ്ങൾ ഗണ്യമായി വികസിപ്പിക്കുകയും, തൊഴിൽ കേന്ദ്രീകൃത മേഖലകളെ ശക്തിപ്പെടുത്തുകയും, വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് സാമൂഹിക മാധ്യമകുറിപ്പിൽ രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

കർഷക താൽപര്യങ്ങൾ പൂർണമായി സംരക്ഷിച്ചാണ് ഇന്ത്യ- US ഇടക്കാല വ്യാപാര കരാർ തയ്യാറാക്കിയതെന്ന് കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. ഭക്ഷ്യ ധാന്യ - പച്ചക്കറി - ക്ഷീര- കർഷകരുടെ താൽപര്യങ്ങൾക്ക് കരാറിൽ പ്രാധാന്യം നൽകിയിട്ടുണ്ടെന്നും ചൗഹാൻ വ്യക്തമാക്കി.

✪✪✪

ഇന്ത്യ അമേരിക്ക ഇടക്കാല പരസ്പര - ഉഭയകക്ഷി വ്യാപാര കരാറിന്റെ ചട്ടക്കൂട്, സാമ്പത്തിക ഇടപെടലിൽ നിർണായക ചുവടുവയ്പ്പാണെന്ന് BJP ദേശീയ അധ്യക്ഷൻ നിതിൻ നബിൻ പറഞ്ഞു. പങ്കാളിത്തം കൂടുതൽ വിപണി ഇടപെടലിന് വഴിയൊരുക്കുമെന്നും, നിക്ഷേപം ആകർഷിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇത് രാജ്യത്തെ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും നിതിൻ നബിൻ അഭിപ്രായപ്പെട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ മലേഷ്യൻ സന്ദർശനത്തിന് രാവിലെ യാത്ര തിരിച്ചു. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി നടത്തുന്ന ചർച്ചകൾക്കും ഇരു രാജ്യങ്ങൾക്കുമിടയിലെ സമഗ്ര പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനും ആകാംക്ഷയോടെ കാത്തിരിക്കുക യാണെന്ന് പ്രധാനമന്ത്രി യാത്ര പുറപ്പെടുന്നതിന് മുമ്പ് ഇറക്കിയ പ്രസ്താവനയിൽ പറഞ്ഞു. രാജ്യങ്ങൾക്കിടയിലെ സുരക്ഷാ ബന്ധങ്ങൾ കൂടുതൽ ആഴത്തിലാക്കുക, സാമ്പത്തിക, നൂതനാശയ പങ്കാളിത്തം വർദ്ധിപ്പിക്കുക, പുതിയ മേഖലകളിലേക്ക് സഹകരണം വികസിപ്പിക്കുക എന്നീ കാര്യങ്ങൾ ചർച്ചചെയ്യുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

വ്യാപാരം, സമ്പദ്‌വ്യവസ്ഥ, സാങ്കേതികവിദ്യ, ഊർജ്ജം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇന്ത്യ-മലേഷ്യ ഉഭയകക്ഷി ചർച്ചകൾ സന്ദർശനത്തിന്റെ ഭാഗമായി നടത്തും. കോലാലംപൂരിൽ ഇന്ത്യൻ സമൂഹത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

✪✪✪

കേരളം പലകാര്യങ്ങളിലും രാജ്യത്തിന് മാതൃക യാണെന്നും ആരോഗ്യ വകുപ്പിന്റെ കോഴിക്കോട്ടെ ആന്തരിക അവയവമാറ്റ ആശുപത്രി സംസ്ഥാനത്തിന്റെ മറ്റൊരു മാതൃക ഇടപെടലാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോഴിക്കോട് ചേവായൂരിൽ ആന്തരിക അവയവമാറ്റ ആശുപത്രിയ്ക്ക് തറക്കല്ലിടുകയായിരുന്നു മുഖ്യമന്ത്രി. ആരോഗ്യ രംഗത്ത് നടക്കുന്ന വലിയ മാറ്റങ്ങളിൽ പ്രധാനമാണ് ആന്തരിക അവയവമാറ്റ ആശുപത്രി. സ്വകാര്യ ആശുപത്രികളിൽ ഇതിനു വലിയ ചെലവാണ് വരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി വീണാജോർജ് അദ്ധ്യക്ഷയായി.

617 കോടി രൂപ ചെലവിലാണ് രാജ്യത്ത് ആദ്യമായി ഇത്തരമൊരു സംരംഭം ഒരുക്കുന്നത്. ആദ്യഘട്ട പ്രവർത്തികൾക്ക് 300 കോടി രൂപ ചെലവ് കണക്കാക്കുന്നു.

ചേവായൂർ ത്വക്ക് രോഗ ആശുപത്രി വളപ്പിലെ 20 ഏക്കർ സ്ഥലത്താണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് നിർമിക്കുന്നത്.

✪✪✪

കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ്, ദന്തൽ കോളേജ്, നഴ്സിങ് കോളേജ് എന്നിവിടങ്ങളിലെ പൂർത്തീകരിച്ച പദ്ധതികൾ മന്ത്രി വീണാ ജോർജ്ജ് രാവിലെ ഉദ്ഘാടനം ചെയ്തു.

മെഡിക്കൽ കോളേജിലെ പരീക്ഷാ ബ്ലോക്കും, ഹോസ്റ്റൽ കെട്ടിടവും, ഹീമോഫീലിയ ബ്ലോക്കും ഉൾപ്പെടെ പദ്ധതികളാണ് മന്ത്രി നാടിന് സമർപ്പിച്ചത്. കോഴിക്കോട് മെഡിക്കൽ കളേജിൽ നിപ ജാഗ്രത സദസ്സും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

വർഗീയ വിഷയങ്ങളിൽ CPIM ഇരട്ടത്താപ്പാണ് സ്വീകരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. സംസ്ഥാന ചരിത്രത്തിൽ ആദ്യമായി കേരളത്തിന്റെ ഭാവിയെക്കുറിച്ചും, പുത്തൻ പദ്ധതികളെക്കുറിച്ചും ചർച്ച ചെയ്യുന്ന യാത്രയാണ് പുതുയുഗ യാത്രയെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. സംഘടനകളുടെ ആഭ്യന്തര കാര്യങ്ങളിൽ അഭിപ്രായം പറയേണ്ട ആളല്ല പ്രതിപക്ഷ നേതാവെന്നും സതീശൻ വ്യക്തമാക്കി.

✪✪✪

സംഘർഷഭരിതമായ രാജ്യങ്ങളിൽ നിന്ന് വലിയ അളവിൽ വിലകുറഞ്ഞ എണ്ണയും, എണ്ണ ഉത്പന്നങ്ങളും കടത്തുന്ന അന്താരാഷ്ട്ര കള്ളക്കടത്ത് സംഘത്തെ ഇന്ത്യൻ തീര രക്ഷാസേന മുംബൈയിൽ പിടികൂടി. കഴിഞ്ഞ വ്യാഴാഴ്ച, സംശയാസ്പദമായ മൂന്ന് കപ്പലുകൾ തടഞ്ഞ് രേഖകളും, ഇലക്ട്രോണിക് ഡാറ്റയും പരിശോധിച്ചാണ് സംഘത്തെ പിടികൂടിയത്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ 2024-ലെ കലാപുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. സംസ്ഥാന കഥകളി പുരസ്കാരം, പല്ലാവൂർ അപ്പുമാരാർ പുരസ്കാരം, കേരളീയ നൃത്ത-നാട്യ പുരസ്കാരം എന്നിവ മന്ത്രി സജി ചെറിയാനാണ് തിരുവനന്തപുരത്ത് പ്രഖ്യാപിച്ചത്. ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും പൊന്നാടയും അടങ്ങുന്നതാണ് പുരസ്കാരങ്ങൾ.

കഥകളി പുരസ്കാരം കലാനിലയം ഉണ്ണികൃഷ്ണനനും, കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താനും പങ്കിട്ടു. വാദ്യകലാരംഗത്തെ സമഗ്ര സംഭാവനയ്ക്ക്, പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിന് പ്രശസ്ത തിമില കലാകാരൻ ചോറ്റാനിക്കര വിജയൻ മാരാർ അർഹനായി. കേരളീയ നൃത്ത-നാട്യ പുരസ്കാരത്തിന് പ്രശസ്ത മോഹിനിയാട്ടം കലാകാരി വിനീത നെടുങ്ങാടിയെ തെരഞ്ഞെടുത്തു.

പുരസ്കാരങ്ങൾ ഈ മാസം 11ന് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ മന്ത്രി സജി ചെറിയാൻ സമ്മാനിക്കും.

✪✪✪

കണ്ണൂർ പിണറായിയിലെ 'പിണറായി പെരുമ' ഇന്ന് സമാപിക്കും. വൈകിട്ട് പിണറായി കൺവെൻഷൻ സെന്ററിൽ, സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നിയമസഭാ സ്പീക്കർ AN ഷംസീർ, മന്ത്രി മുഹമ്മദ് റിയാസ് എന്നിവർ സംബന്ധിക്കും.

✪✪✪

മൂന്നാമത് രാജ്യാന്തര ഊർജ്ജമേള എറണാകുളം പനങ്ങാട് കുഫോസ് ഓഡിറ്റോറിയത്തിൽ ആരംഭിച്ചു. 'ഊർജ്ജ ഭാവിയുടെ ശാക്തീകരണം' എന്ന പ്രമേയത്തിലാണ് ഊർജ്ജമേള. കേരളത്തെ, ഊർജ്ജ സ്വയം പര്യാപ്തതയിലേക്കും സുസ്ഥിര ഹരിത ഭാവിയിലേക്കും നയിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മേള.

ഗ്രീൻ എക്സ്പോ, ചർച്ചകൾ, എനർജി ക്ലബ് സംസ്ഥാനതല മത്സരങ്ങൾ എന്നിവ മേളയോട് അനുബന്ധിച്ച് നടത്തും.

✪✪✪

131-ാമത് മാരാമൺ കൺവൻഷന് നാളെ തുടക്കമാകും. പമ്പ മാരാമൺ മണൽ പുറത്ത് ഈ മാസം 15 വരെയാണ് മാരാമൺ കൺവൻഷൻ.

കൂടുതൽ വിവരങ്ങളുമായി ശ്രീജി ശ്രീധർ ......

( വോയ്സ് )....

നാളെ ഉച്ചയ്ക്ക് 2.30 ന് മലങ്കര മാർത്തോമ്മാ സുറിയാനി സഭ പരമാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. സുവിശേഷ പ്രസംഗസംഘം പ്രസിഡന്റ് ഡോ. ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിക്കും. കുട്ടികൾക്കുള്ള യോഗം സി.എസ്.എസ്.എമ്മിന്റെ നേതൃത്വത്തിൽ ദിനവും രാവിലെ 7.30 മുതൽ 8.30 വരെ കുട്ടിപ്പന്തലിൽ ക്രമീകരിക്കും. സായാഹനയോഗങ്ങൾ വൈകിട്ട് 6 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 7.30ന് സമാപിക്കും.

മാർത്തോമ്മാ സഭയുടെ സംഗീതവിഭാഗമായ ഡിപ്പാർട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആൻഡ് കമ്മ്യൂണിക്കേഷൻ നേതൃത്വത്തിലുള്ള 101 അംഗ ഗായക സംഘം ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും.

ഒരുലക്ഷം പേരെ ഉൾക്കൊള്ളാവുന്ന പന്തലിന്റെ നിർമ്മാണം പൂർത്തിയായി. കോഴഞ്ചേരിയും മാരാമണ്ണും ചുറ്റുപാടുകളിലുള്ള 32 ഇടവകകളിലെ ജനങ്ങൾ ചേർന്നാണ് പ്രധാന പന്തലും കുട്ടി പന്തലും ചാപ്പലും കെട്ടിമേഞ്ഞത്. മണൽപ്പുറത്തേക്കുള്ള 3 താല്ക്കാലിക പാലങ്ങളുടെ നിർമ്മാണവും പൂർത്തിയായി. മാരാമൺ കൺവൻഷന്റെ എല്ലാ യോഗങ്ങളും മാർത്തോമ്മാ സുവിശേഷപ്രസംഗസംഘത്തിന്റെ ഔദ്യോഗിക യൂട്യൂബ് ചാനലിലൂടെയും സഭയുടെ ഔദ്യോഗിക മാർത്തോമ്മാ വിഷൻ യൂട്യൂബ് ചാനലിലൂടെയും തത്സമയം ടെലികാസ്റ്റ് ചെയ്യും. കെ.എസ്.ആർ.ടി.സി. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് പ്രത്യേകം ബസ് സർവ്വീസ് ക്രമീകരിക്കും.

✪✪✪

ICC പുരുഷ ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിന് ഇന്ന് തുടക്കം. കൊളംബോയിലെ സിംഹളീസ് സ്പോർട്സ് ക്ലബ്ബിൽ ഉദ്ഘാടന മത്സരത്തിൽ ഇപ്പോൾ പാകിസ്ഥാൻ, നെതർലാൻഡ്സിനെ നേരിടുകയാണ്. ഉച്ചകഴിഞ്ഞ് മൂന്നിന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രണ്ടാമത്തെ മത്സരത്തിൽ വെസ്റ്റ് ഇൻഡീസും, സ്കോട്ട്ലൻഡും ഏറ്റുമുട്ടും.

നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ, അമേരിക്കയെ വൈകിട്ട് ഏഴിന് മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ നേരിടും. ഇന്ത്യൻ യുവ പേസർ

ഹർഷിത് റാണ, കാൽമുട്ടിനേറ്റ പരിക്കിനെ തുടർന്ന് ഇന്നത്തെ മത്സരത്തിൽ നിന്ന് പുറത്തായി. മുഹമ്മദ് സിറാജാണ് പകരക്കാരൻ.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം, നാളെ സർവീസസിനെ നേരിടും. ഉച്ചകഴിഞ്ഞ് ഒന്നിന് അസമിലാണ് മത്സരം.

✪✪✪

സംസ്ഥാന അക്വാട്ടിക്ക് അസ്സോസിയേഷന്റെ ആദ്യ സംസ്ഥാന തല സബ്ജൂനിയർ - ജൂനിയർ ഷോർട്ട് കോഴ്സ് സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പ് ആരംഭിച്ചു. കേരളത്തിലെ 14 ജില്ലകളിൽ നിന്നുമായി 500 ൽ അധികം നീന്തൽ താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ UDF കൺവീനർ അടൂർ പ്രകാശിനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്യുന്നു. തിരുവനന്തപുരം ക്രൈം ബ്രാഞ്ച് ആസ്ഥാനത്താണ് ചോദ്യം ചെയ്യുന്നത്.

✪✪✪

പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്ന് കണ്ണൂർ ജില്ലയിൽ പ്രവേശിക്കും. ഉച്ചയ്ക്കുശേഷം ജില്ലാ അതിർത്തിയായ ഒളവറ പാലത്തിൽ യുഡിഎഫ് ജില്ലാ നേതാക്കൾ യാത്രയെ സ്വീകരിച്ചാനയിക്കും. തുടർന്ന് പയ്യന്നൂർ, തളിപ്പറമ്പ് എന്നിവടങ്ങളിൽ പര്യടനം നടത്തും. ശേഷം വൈകിട്ട് കണ്ണൂർ സ്റ്റേഡിയം കോർണറിൽ നടക്കുന്ന സ്വീകരണ സമ്മേളനം മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് സാദിക്കലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും.

✪✪✪

അപകീർത്തികരമായ വീഡിയോ സമൂഹ മാധ്യമത്തിൽ പങ്ക് വച്ചതിനെ തുടർന്ന് കോഴിക്കോട് സ്വദേശി ദീപക് ജീവനൊടുക്കിയ സംഭവത്തിൽ പ്രതി ഷിംജിത മുസ്തഫയുടെ ജാമ്യാപേക്ഷയിൽ, കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതി ഇന്ന് വിധി പറഞ്ഞേക്കും. പ്രതിയുടെ ജാമ്യാപേക്ഷ കുന്ദമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി നേരത്തെ തള്ളിയിരുന്നു.

✪✪✪

മലപ്പുറത്ത് ഉള്ളി കയറ്റിയെത്തിയ ലോറിയിൽ നിന്ന് സ്ഫോടന വസ്തുക്കൾ പിടികൂടി. ഇന്നലെ രാത്രി ചെമ്മാട് - കോഴിക്കോട് റോഡിലെ സ്വകാര്യ ഹോളോ ബ്രിക്സ് സ്ഥാപനത്തിൽ ഉപേക്ഷിച്ചു പോയ ലോറിയിൽ, തിരൂരങ്ങാടി പൊലീസിന്റെ പരിശോധനയിലാണ് സ്ഫോടക വസ്തുക്കൾ കണ്ടെത്തിയത്. ലോറി പോലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

താനൂരിൽ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് മന്ത്രി V അബ്ദുറഹ്മാനെ യുവമോർച്ച പ്രവർത്തകർ താനൂർ സ്കൂൾപ്പടിയിൽ കരിങ്കൊടി കാണിച്ചു. ഓരോ വാർഡിലും മുപ്പതോളം കുടുംബങ്ങൾക്ക് പ്രതീക്ഷ നൽകുന്ന പദ്ധതിക്കെതിരെ, മുഖ്യമന്ത്രി മുഖം തിരിഞ്ഞിരിക്കുകയാണെന്ന് അവർ കുറ്റപ്പെടുത്തി. പദ്ധതിയിൽ ഒപ്പിടാൻ തയ്യാറായില്ലെങ്കിൽ സമരം കടുപ്പിക്കുമെന്ന് യുവമോർച്ച ജില്ല പ്രസിഡന്റ് അഭിലാഷ് TV അറിയിച്ചു

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: സബിത കെ*
*NRTs: അനിൽ ചന്ദ്രൻ, രജ്ന കെ*
*DEO: സി കെ സുബോധ്*